**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3454      20.06.2018 ലെ മറുപടിക്ക്.***

***നോർക്ക റൂട്ട്സ് മുഖേന പ്രവാസികൾക്ക് ധനസഹായം.***

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ടി. ബൽറാം<br>ശ്രീ. പി. ടി. തോമസ് | | പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** |
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം നോർക്ക റൂട്ട്സ് മുഖേന പ്രവാസികൾക്ക് എത്ര രൂപ ധനസഹായം നൽകിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നോർക്ക-റൂട്ട്സിൻ സാന്ത്വന പദ്ധതി പ്രകാരം ചികിൽസാധനസഹായമായി 2056 പേർക്ക് 8,64,71056/- രൂപയും (എട്ട് കോടി അറുപത്തിനാല് ലക്ഷത്തി-എഴുപത്തിഒന്നായിരത്തി അമ്പത്തി-യാറ് രൂപ മാത്രം) മരണാനന്തര ധനസഹായമായി ആശ്രിതരായി 1530 പേർക്ക് 14,43,55000/- രൂപയും (പതിനാല് കോടി നാൽപത്തിമൂന്നു ലക്ഷത്തി അമ്പത്തിഅയ്യായിരം രൂപ മാത്രം) വിവാഹ ധനസഹായമായി 342 പേർക്ക് 49,55,000/- രൂപയും (നാൽപത്തൊൻപതു ലക്ഷത്തി-അമ്പത്തിഅയ്യായിരം രൂപ മാത്രം) ചെയർമാൻഫണ്ട്, കാരുണ്യം പദ്ധതികൾ പ്രകാരം 9 അപേക്ഷ-കർക്ക് 7,18,800/- രൂപയും (ഏഴു ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ് രൂപ മാത്രം) ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) എത്രപേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചത് എന്ന് വ്യക്തമാക്കാമോ; | (ബി) | നോർക്കാ റൂട്സിന്റെ സാന്ത്വനം, ചെയർമാൻ ഫണ്ട്, കാരുണ്യം പദ്ധതികൾ വഴി 3937 അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |

(സി) വിദേശത്തുനിന്നും തിരികെ എത്തുന്ന പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

(സി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻറ്സ് - തിരികെയെത്തുന്നവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ഉള്ളതാണ് ഈ പദ്ധതി. ചുരുങ്ങിയത് രണ്ടു വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലുവർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കിവരുന്നു.

സാന്ത്വന പദ്ധതി - സാന്ത്വന പദ്ധതി പ്രകാരം മരണാനന്തരധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നിവ നൽകി വരുന്നു. ഈ പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി പ്രവാസിയുടെ ആശ്രിതർക്ക് പരമാവധി ഒരു ലക്ഷം രൂപയും, ചികിത്സാ ധനസഹായമായി പ്രവാസിക്ക് പരമാവധി അൻപതിനായിരം രൂപയും, വിവാഹ ധനസഹായമായി പ്രവാസിക്ക് പതിനയ്യായിരം രൂപയും നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു വരുന്നു.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

- കുറഞ്ഞത് 2000/- രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ.

- കുടുംബ പെൻഷൻ.
- മരണാനന്തര ധനസഹായം.
- ചികിത്സാ ധനസഹായം
- വിവാഹ ധനസഹായം.
- പ്രസവാനുകൂല്യം.
- വിദ്യാഭ്യാസാനുകൂല്യം.

സെക്ഷൻ ഓഫീസർ